## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 858 25/01/2018 -ലെ മറുപടിയ്ക്ക്

### പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം

| | ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സർക്കാർ വകുപ്പുകളിലെ ഉന്നത തസ്തികകളിൽ പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ; | എ-യും ബി-യും<br><br>എല്ലാ വർഷവും ജനുവരി-1 അടിസ്ഥാനമാക്കി ഓരോ വകുപ്പിലെയും പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം സർക്കാർ പരിശോധിയ്ക്കാറുണ്ട്. ആയതിനാൽ സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ഇപ്പോൾ പഠനം നടത്തേണ്ട ആവശ്യകതയില്ല.<br><br>സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെയും, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലെയും, സ്വയംഭരണ സ്ഥാപനങ്ങളിലെയും പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാരുടെ ജാതി/സമുദായ പ്രാതിനിധ്യം സംബന്ധിച്ച ഡാറ്റാ ശേഖരിക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ e-CDESK(e-Caste Database of Employees in Services-Kerala) എന്ന Employees Web Portal C-DIT-ന്റെ സഹായത്തോടെ ആരംഭിക്കുകയും, വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും, update ചെയ്യുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക Nodal Officer-മാരെ നിയമിക്കുകയും, അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. |
| (ബി) | സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ? | |

സെക്ഷൻ ഓഫീസർ